**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 445** **08-10-2024 - ൽ മറുപടിയ്ക്ക്**

**തൃശ്ശൂർ പടിഞ്ഞാറെക്കോട്ട മാനസികാരോഗ്യ കേന്ദ്രത്തിന്റെ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ബാലചന്ദ്രൻ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കിഫ്ബി വഴി പണം അനുവദിച്ച തൃശ്ശൂർ പടിഞ്ഞാറെക്കോട്ട മാനസികാരോഗ്യ കേന്ദ്രത്തിന്റെ നിലവിലെ നിർമ്മാണ പുരോഗതി വിശദമാക്കാമോ? | (എ) | 24-04-2019-ലെ സ.ഉ (സാധാ) നം.961/2019/ ആ.കു.വ, 23-11-2019-ലെ സ.ഉ (സാധാ) നം.2811/2019/ആ.കു.വ എന്നീ ഭരണാനുമതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ, തൃശ്ശൂർ മാനസികാരോഗ്യ കേന്ദ്രത്തിൽ ഒ.പി ബ്ലോക്ക്, സർവ്വീസ് ബ്ലോക്ക് എന്നിവ കിഫ്ബി ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്നതിനായി പദ്ധതി നിർവ്വഹണ ഏജൻസി (എസ്.പി.വി) ആയ INKEL Ltd സമർപ്പിച്ച വിശദമായ പദ്ധതി രേഖ പരിശോധിച്ച ശേഷം, ടി പദ്ധതിക്ക് കിഫ്ബി 36.44 കോടി രൂപയുടെ ധനാനുമതി, വ്യവസ്ഥകൾക്കു വിധേയമായി നൽകിയിരുന്നു. തദനുസരണം, ഒ.പി ബ്ലോക്കിന്റെ വിസ്തീർണ്ണത്തിൽ മാറ്റം വരുത്തിക്കൊണ്ടും സർവ്വീസ് ബ്ലോക്ക് ഒഴിവാക്കിക്കൊണ്ടും ചുറ്റുമതിൽ ഉൾപ്പെടുത്തിക്കൊണ്ടുമുള്ള ഒരു പുതുക്കിയ ശിപാർശ കിഫ്ബിയുടെ അംഗീകാരത്തിനായി INKEL Ltd സമർപ്പിച്ചിരുന്നു. ആയത് പരിശോധിച്ച ശേഷം, ചില സ്പഷ്ടീകരണങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് 26-07-2024-ൽ മടക്കി നൽകിയിട്ടുണ്ട്. സ്പഷ്ടീകരണങ്ങൾ സഹിതം ടി ശിപാർശ തിരികെ കിഫ്ബിയിൽ ലഭ്യമാകുന്ന മുറയ്ക്ക് തുടർപരിശോധന നടത്തി നിലവിലെ മാനദണ്ഡങ്ങൾക്കനുസൃതമായി തൃപ്തികരമാകുന്ന മുറയ്ക്ക് ടി പദ്ധതിക്ക് പുതുക്കിയ ധനാനുമതി നൽകാവുന്നതും ആയതിന്റെ അടിസ്ഥാനത്തിൽ ടെൻഡർ ഉൾപ്പെടെയുള്ള നടപടികളുമായി എസ്.പി.വി-യ്ക്ക് മുന്നോട്ട് പോകാവുന്നതുമാണ്. |

സെക്ഷൻ ഓഫീസർ